# മദ്യശാലയിൽ കയറി അക്രമം നടത്തിയ പ്രതികൾ പിടിയിൽ

വിദേശമദ്യശാലയിലെ ജീവനക്കാരനെ വടിവാൾ കാണിച്ച് ഭീക്ഷണിപ്പെടുത്തിയ പ്രതികൾ പോലീസ് പിടിയിലായി. എളങ്കുന്നപ്പുഴ പെരുമാൾപ്പടി നികത്തുതറ വീട്ടിൽ രാഹുൽ (23), എളങ്കുന്നപ്പുഴ പെരുമാൾപ്പടി, മരോട്ടിക്കാപ്പറമ്പിൽ ജെയ്സൺ (32) എന്നിവരാണ് പിടിയിലായത്. ആക്രമികളിൽ മറ്റൊരാൾ പ്രായപൂർത്തിയാകാത്തയാളാണ്. കഴിഞ്ഞ ദിവസം വൈപ്പിനിൽ തെക്കൻമാലിപ്പുറത്തുള്ള സീപ്പോർട്ട് ഹോട്ടലിൻറെ ബാർ കൗണ്ടറിൽ കയറി ജീവനക്കാരന് നേരെ വടിവാൾ കാട്ടി കൊന്നുകളയുമെന്ന് ഭീക്ഷണി മുഴക്കുകയും അസഭ്യങ്ങൾ വിളിച്ചുപറഞ്ഞ് ബാറിൽ സംഘർഷം സൃഷ്ടിക്കുകയും ചെയ്യുകയായിരുന്നു.

രണ്ട് ദിവസം മുൻപ് മദ്യവിൽപ്പന അവസാനിപ്പിച്ച് കൗണ്ടർ അടച്ചസമയം പ്രതികൾ ബാറിൽ ചെല്ലുകയും മദ്യം ആവശ്യപ്പെട്ടത് നൽകാതിരുന്നതിലുള്ള വിരോധം മൂലമാണ് ആക്രമത്തിന് മുതിർന്നത്. ഞാറക്കൽ പോലീസ് ഇൻസ്പെക്ടർ ധർമ്മജിത്തിൻറെ നേതൃത്വത്തിൽ പോലീസ്. സബ്ബ് ഇൻസ്പെക്ടർ കുരിയക്കോസ്, ജി.എ).എസ്.ഐ ഷാഹിർ, എസ്.സി.പി.ഒമാരായ ജീയോ, സ്വരാജ്, ശ്രീകാന്ത്, മിറാഷ് എന്നിവരാണ് പോലീസ് സംഘത്തിൽ ഉണ്ടായിരുന്നത്.